## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3627

11.11.2019-ൽ മറുപടിക്ക്

## സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ നിയമനങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, സി.മമ്മൂട്ടി | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പല സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും നിയമനങ്ങൾ വർഷങ്ങൾക്ക് മുമ്പ് തന്നെ പി.എസ്.സി യ്ക്ക് വിട്ടുവെങ്കിലും സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്തതിനെത്തുടർന്ന് പ്രസ്തുത നിയമനങ്ങൾ നടക്കുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതുസംബന്ധമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി യെ അറിയിക്കാനും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ചട്ടങ്ങൾ രൂപീകരിക്കാത്ത സ്ഥാപനങ്ങളിൽ ചട്ട രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കാനും അത് പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ, |

| | | | |
|---|---|---|---|
| (സി) | ഇതുൾപ്പെടെ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പുമേധാവികൾ/ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ